# ദേശീയ ഊർജ്ജ സംരക്ഷണ ദിനം

ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ഡിസംബർ 14-ാം തീയതി ആചരിക്കുകയാണ്. ഈ ദിവസം സ്കൂളുകളിൽ പ്രതിജ്ഞ, സെമിനാറുകൾ, ചർച്ചകൾ, ആശയപ്രചരണം എന്നിവ നടത്തേണ്ടതാണ്.

## പ്രതിജ്ഞ

ഞാൻ എന്റെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഐക്യത്തോടും അഖണ്ഡതയോടും കൂടി പ്രവർത്തിക്കുമെന്നും പുരോഗതിയുടെ അടിസ്ഥാനമായ ഊർജ്ജത്തെ അമൂല്യമായി കരുതുമെന്നും ഇന്നു മുതൽ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ തീവ്രമായും ആത്മാർത്ഥമായും പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു. ഊർജ്ജനഷ്ടം കുറച്ചു കൊണ്ടും ഊർജ്ജ ദുരുപയോഗം തടഞ്ഞു കൊണ്ടും ഊർജ്ജ ഉപയോഗം പരിമിതപ്പെടുത്തുക്കൊണ്ടും, പുതിയ ഊർജ്ജ ഉറവിടങ്ങൾ അനുയോജ്യമായി ഉപയോഗിച്ചു കൊണ്ടും ഊർജ്ജം സംരക്ഷിക്കാൻ ഞാൻ അതീവ ജാഗ്രത പാലിക്കുന്നതായിരിക്കും. ഊർജ്ജസംരക്ഷണ തത്വങ്ങൾ പ്രചരിപ്പിക്കുന്നതും ഇന്നു മുതൽ എന്റെ ദൗത്യമായിരിക്കുമെന്നു കൂടി ഞാൻ ദൃഢപ്രതിജ്ഞ ചെയ്തു കൊള്ളുന്നു.

ജയ്ഹിന്ദ് !